DATE:28/08/2025

മലയാള മനോരമ

IDUKKI EDTION

PAGE NO:02

COLUMN NUMBER:4 ,5

# ത്രോബോൾ: അജിൻ ബിജു, എസ്തർ എൽസ ബാബു മികച്ച താരങ്ങൾ

തൊടുപുഴ ● ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ അജിൻ ബിജു (സിജെപിഎസ് ത്രോബോൾ ക്ലബ്, രാജാക്കാട്), പെൺകുട്ടികളുടെ വിഭാഗത്തിൽ എസ്തർ എൽസ ബാബു (സെന്റ് മേരീസ് സ്കൂൾ ക്ലബ്, മാങ്കുളം) എന്നിവർ മികച്ചതാരങ്ങളായി.

ആൺകുട്ടികളുടെ വിഭാഗത്തിൽ സിജെപിഎസ് ത്രോബോൾ ക്ലബ്, സെന്റ് മേരീസ് സ്കൂൾ ക്ലബ്, രാജാക്കാട് ത്രോബോൾ ക്ലബ്, ദ് ഹൈറേഞ്ച് സ്കൂൾ മൂന്നാർ എന്നിവർ യഥാക്രമം ആദ്യ നാലു സ്ഥലങ്ങളിൽ എത്തി.

പെൺകുട്ടികളുടെ വിഭാഗത്തിൽ സെന്റ് മേരീസ് സ്കൂൾ ക്ലബ്, ദ് ഹൈ റേഞ്ച് സ്കൂൾ മൂന്നാർ എന്നിവർ വിജയികളായി. രാജാക്കാട്ടിലെ ക്രിസ്തു ജ്യോതി പബ്ലിക് സ്കൂളിലാണ് ചാംപ്യൻഷിപ് നടന്നത്.

സാക്ഷരകേരളത്തിന്റെ ആദ്യാക്ഷരം

ദീപിക

THE FIRST MALAYALAM DAILY ESTD 1887

DATE:10/08/2025

PAGE NO:02

COLUMN NUMBER:6,7

IDUKKI EDTION

# ജില്ലാ ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

രാജാക്കാട്: ജില്ലാ ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 15ന് മാങ്കുളം സെന്റ് മേരീസ് സ്കൂൾ ഗ്രൗണ്ടിൽ നടത്തും. 12ന് മുൻപായി രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ് സൈറ്റിൽ പൂർത്തിയാക്കണം. 01-01-2007ന് ശേഷം ജനിച്ചവർക്കാണ് പങ്കെടുക്കാൻ അവസരം.

ഓപ്പൺ സെലക്ഷൻ ഉണ്ടായിരിക്കുന്നതല്ല. ചാമ്പ്യൻഷിപ്പിൽ മറ്റേതെങ്കിലും കാരണത്താൽ പങ്കെടുക്കാൻ കഴിയാത്ത മുൻപ് കളിച്ചിട്ടുള്ള നിലവിലെ ത്രോബോൾ താരങ്ങൾ ചാമ്പ്യൻഷിപ്പിന് മുൻപായി വെള്ളപേപ്പറിൽ കാരണ സഹിതം പേര്, വിലാസം, രജിസ്ട്രേഷൻ നമ്പർ എന്നിവ എഴുതി ജില്ലാ സെക്രട്ടറിക്കും സംസ്ഥാന ത്രോബോൾ അസോസിയേഷനും റിക്വസ്റ്റ് throwballkerala@gmail.com എന്ന ഇമെയിലിലൂടെ ഒറ്റ അറ്റാച്ച്മെന്റായി അയക്കണം. സെക്രട്ടറി, അരവിന്ദ് അനിൽകുമാർ, ജില്ലാ ത്രോബോൾ അസോസിയേഷൻ. ഫോൺ: 7558967114, 9544967114.